പരസ്യത്തിനായി കെ.എസ്.എഫ്.ഇ. 2016 ജനുവരി മുതൽ 2020 ഡിസംബർ വരെ അഞ്ചുവർഷക്കാലത്തിൽ 47,33,30,142 രൂപ നേരിട്ടും ഏജൻസികൾ മുഖേനയും നൽകിയിട്ടുണ്ട്. അച്ചടി, ഇലക്ട്രോണിക്സ്, മറ്റ് മാധ്യമങ്ങൾ എന്നിവയിലെ പരസ്യങ്ങളിൽ ഉൾപ്പെട്ട വിവിധ ഏജൻസികളുടെ പേരുകൾ അനുബന്ധമായി* ചേർക്കുന്നു :

(ഡി) കെ.എസ്.എഫ്.ഇ.യുടെ ലോഗോയും ബോർഡിന്റെ നിറവും മാറ്റിയ ഇനത്തിൽ എത്ര തുക ചെലവായി; ബ്രാഞ്ച് തിരിച്ച് ലഭ്യമാക്കുമോ?

കെ.എസ്.എഫ്.ഇ.-യുടെ ലോഗോയും ബോർഡിന്റെ നിറവും മാറ്റിയ ഇനത്തിൽ 1,29,23,313 രൂപ ചെലവായിട്ടുണ്ട്. ഇത് സംബന്ധിച്ച ബ്രാഞ്ച് തിരിച്ചുള്ള ചെലവ് വിവരങ്ങൾ അനുബന്ധം രണ്ടായി ചേർക്കുന്നു.*

**കെ.എസ്.എഫ്.ഇ. യിലെ വിജിലൻസ് റെയിഡ്**

100(506) ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഷാനിമോൾ ഉസ്മാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ വിജിലൻസ് റെയ്ഡ് നടത്തിയിരുന്നോ; എത്ര സ്ഥാപനങ്ങളിലാണ് റെയ്ഡ് നടത്തിയതെന്ന് അറിയിക്കാമോ?

കെ.എസ്.എഫ്.ഇ.-യുടെ 40 ശാഖകളിൽ 27-11-2020-ന് സംസ്ഥാന വിജിലൻസ് സംഘം മിന്നൽ പരിശോധന നടത്തിയിട്ടുണ്ട്.

(ബി) റെയ്ഡിൽ കണ്ടെത്തിയ പ്രധാന വീഴ്ചകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) വിജിലൻസ് റെയ്ഡിന് മുമ്പ് വകുപ്പുമന്ത്രിയെ അറിയിക്കാത്തത് നിലവിലുള്ള കീഴ്വഴക്കങ്ങളുടെ ലംഘനമാണോ; ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ ;

(ഡി) ഇപ്രകാരമുള്ള വിജിലൻസ് റെയ്ഡ് കെ.എസ്.എഫ്.ഇ.-യുടെ വിശ്വാസ്യതയെ ബാധിക്കുമെന്നതിനാൽ മുൻകൂർ അറിയിപ്പില്ലാതെയുള്ള റെയ്ഡിന് അനുവാദം നൽകണ്ട എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) റെയ്ഡിന് പിന്നിൽ ഗൂഢാലോചന സംശയിക്കുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

(ബി-ഇ) വിജിലൻസ് റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly